# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T5265 — 24/10/2011-ൽ മറുപടിക്ക്

**ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തൽ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും. കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | വനമേഖലയിൽ ജീവിക്കുന്ന ആദിവാസികളുടെ ജീവിത നിലവാരമുയർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | എ | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും വനമേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് വിവിധ പദ്ധതികൾ അതത് ജില്ലകളിലെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കർമ്മസമിതിയുടെ അംഗീകാരത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക പുറമേ ത്രിതല പഞ്ചായത്തുകൾ മുഖേനയും ഓരോ പ്രദേശത്തിനും ആവശ്യമായ പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കൊണ്ടും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി | ഈ നടപടികളുടെ പ്രയോജനം ആദിവാസികൾക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ; | ബി | ഉണ്ട് |
| സി | എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | സി | കൃഷി, മൃഗസംരക്ഷണം, വനിതകൾക്കായുള്ള പ്രത്യേക പദ്ധതികൾ, തൊഴിൽ പരിശീലനം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ പ്രയോജനം എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗക്കാർക്ക് ഉണ്ടായിട്ടുണ്ട്. |
| ഡി | ആദിവാസികളുടെ കൈവശഭൂമിക്ക് ആവശ്യമായ രേഖകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | ഡി | സ്വീകരിച്ചു വരുന്നു. കേന്ദ്ര വനാവകാശ നിയമം (2006) പ്രകാരം 20155 കുടുംബങ്ങൾക്ക് ഇതുവരെ കൈവശരേഖ (വനാവകാശരേഖ) നൽകിയിട്ടുണ്ട്. ഇനിയും കൈവശരേഖ ലഭിക്കുവാൻ ബാക്കിയുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**